# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T8219 17.7.2014 ന് മറുപടിയ്ക്ക്

## പാചക തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ | ശ്രീ.ഷിബു ബേബി ജോൺ (ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പാചക തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 23.7.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ.100/2009/തൊഴിൽ പ്രകാരം പാചക തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തൊഴിലാളികളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ പണം വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്ന നടപടി ആരംഭിച്ചിട്ടില്ലാത്തതിനാൽ തൊഴിലാളികളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |
| (സി) പാചകതൊഴിലാളികളുടെ മിനിമം വേതനത്തിന് നടപടി സ്വീകരിക്കുമോ ; | (സി) 23.7.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ100/2009/തൊഴിൽ പ്രകാരം പാചകതൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട് . |
| (ഡി) പ്രസ്തുത തൊഴിലാളികൾക്ക് തൊഴിൽ നിയമ പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുശാസിക്കും പ്രകാരമുള്ള എല്ലാ തൊഴിൽ നിയമ പരിരക്ഷയും പാചക തൊഴിലാളികൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് . |
| (ഇ) പ്രസ്തുത തൊഴിലാളികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബന്ധപ്പെട്ട സംഘടനാ പ്രതിനിധികളുമായി കൂടിയാലോചിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) പാചക തൊഴിലാളികളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളുമായി കൂടിയാലോചിച്ചാണ് നിലവിൽ നടപടി സ്വീകരിക്കുന്നത് . ഈ രീതി തുടരുന്നതാണ്, |

സെക്ഷൻ ഓഫീസർ